# പ്രകൃതിയുടെ വരദാനമായ വാഴക്കുളം പൈനാപ്പിൾ ആസ്വദിക്കൂ, കൃഷി ചെയ്യൂ ഉന്മേഷത്തിനും ആരോഗ്യത്തിനും













| Food Value/l00 g Edible Portion | |
|---|---|
| Moisture | - 85.3 g |
| Energy | - 52 Calories |
| Carbohydrates | - 13.7 g |
| Ether Extract | - 0.19 g |
| Nitrogen | - 0.086 g |
| Protein | - 0.54 g |
| Dietary Fibre | - 1.4 g |
| Ash | - 0.39 g |
| Potassium | - 150 mg |
| Calcium | - 16 mg |
| Magnesium | - 12 mg |
| Phosphorus | - 11 mg |
| Iron | - 0.28 mg |
| Zinc | - 0.10 mg |
| Vitamin A | - 130 I.U. |
| Vitamin B1 | - 0.079 mg |
| Vitamin B2 | - 0.031 mg |
| Vitamin B3 | - 0.489 mg |
| Vitamin B6 | - 0.110 mg |
| Vitamin C | - 24 mg |

- ഊഷ്മളമായ മണവും, രുചിയും, ആരോഗ്യദായകവും
- പഴത്തിനും ജൂസിനും കാനിങ്ങിനും ഉത്തമം
- രക്തത്തിലെ പഞ്ചസാര കൂട്ടി ഊർജ്ജം നൽകുന്നു
- എല്ലുകളെയും പല്ലുകളെയും ബലപ്പെടുത്തുന്നു
- ദഹനത്തിനു സഹായിക്കുന്നു
- രോഗപ്രതിരോധശേഷി ശക്തിപ്പെടുത്തുന്നു
- ജലദോഷവും ചുമയും കുറയ്ക്കുന്നു
- മലബന്ധം തടയുന്നു, കാഴ്ചശക്തി കൂട്ടുന്നു
- വൃക്ക രോഗങ്ങൾക്ക് ആശ്വാസമേകുന്നു
- ശിശുക്കളിൽ ശർദ്ദി, വിരശല്യം കുറക്കുന്നു
- രുചിയൂറും പൈനാപ്പിൾ വിഭവങ്ങൾ
- ബ്രോമിലൈൻ, ഫൈബർ ഉൽപാദിപ്പിക്കുന്നു

പൈനാപ്പിളിന്റെ വലുപ്പമനുസരിച്ചുള്ള A, B, C ഗ്രേഡിംഗ് മൂലം ഓരോ ഗ്രേഡ് കുറയുമ്പോഴും വില പകുതിയായി കുറയുന്നു. അതിനാൽ സുസ്ഥിര ആദായത്തിന് ഏറ്റവും കൂടുതൽ A ചക്ക വിളയിപ്പിക്കണം

## കൂടുതൽ A ചക്ക വിളയിപ്പിക്കാനും സുസ്ഥിര ആദായത്തിനും

- ഭൂസൂചികയുള്ള വാഴക്കുളം പൈനാപ്പിൾ (മൗറിഷ്യസ്) ഇനം കൃഷി ചെയ്യുക
- നല്ലനീർവാർച്ചയുള്ളതും, അൽപം അമ്ലതയും, നല്ല ജൈവവളകൂറുള്ളതുമായ മണൽ കലർന്ന മണ്ണ്
- നല്ല വിളവിന് നല്ല സൂര്യപ്രകാശം വേണം, വേനൽക്കാലത്ത് മൂന്ന് ആഴ്ചകൂടുമ്പോൾ നനച്ചുകൊടുക്കുക
- കീടരോഗബാധയില്ലാത്ത ആരോഗ്യമുള്ള ഒന്നാം വർഷ കാനികൾ നടണം.
- നടുന്നതിനുമുൻപ് ട്രൈക്കോഡെർമ, സ്യൂഡോമൊണാസ് പ്രയോഗിക്കണം
- ശരിയായ വിളസാന്ദ്രത പാലിക്കുക (ഹെക്ടറിന് തനിവിളക്ക് 40000, ഇടവിളക്ക് 20000 കാനികൾ)
- സംയോചിത വളപ്രയോഗക്രമം പാലിക്കുക (കാനി ഒന്നിന്: ജൈവ വളം 1 കി.ഗ്രാം, NPK 8:4:8 ഗ്രാം; ഹെക്ടറിന്: ജൈവ വളം 25 ടൺ, NPK 320:160:320 കി.ഗ്രാം, 3-4 തവണകളായി)
- ത ˘ പൊട്ടൽ ഒഴിവാക്കാൻ പൈനാപ്പിൾ പുഷ്പിക്കുന്ന സമയത്തും അമിതമായും വളപ്രയോഗം അരുത്.
- കുറ്റിവിളക്ക് ഏറ്റവും നല്ല ഒരു കാനി മാത്രം നില നിർത്തി ബാക്കിയുള്ളവ അടർത്തി മാറ്റണം
- കളകളെ മുളയിലേ നിയ്ര്ിക്കുക (ഹെക്ടറിന് 3 കി.ഗ്രാം ഡൈയൂറോൺ (ക്ലാസ്സ്) 600 ലിറ്റർ വെള്ളത്തിൽ)
- പുഷ്പിക്കാൻ 25 ppm എഥിഫോൺ 50 ml 40-ഇല പരുവത്തിൽ (നട്ട് 7-8 മാസത്തിൽ) കൂമ്പിൽ ഒഴിക്കുക
- സൂര്യാഘാതം തടയാൻ ചക്കയുടെ മേൽ ചപ്പുചവറുകൾ ഇടുകയൊ പൊതിഞ്ഞു കെട്ടുയൊ ചെയ്യുക
- രോഗം പരത്തുന്ന കീടങ്ങളേയും കളകളേയും നിയന്ത്രിക്കുക; രോഗം ബാധിച്ച ചെടികളെ നശിപ്പിക്കുക
- തുടക്കത്തിലേയുള്ള കീടരോഗ നിർണ്ണയം, നിയന്ത്രണം, ശുപാർശയനുസരിച്ചുള്ള മരുന്നു പ്രയോഗം

**കൂടുതൽ വിവരങ്ങൾക്ക്:** പൈനാപ്പിൾ ഗവേഷണ കേന്ദ്രം (കേരള കാർഷിക സർവ്വകലാശാല)
വാഴക്കുളം, മുവാറ്റുപുഴ, എറണാകുളം ജില്ല, കേരളം, പിൻ–686 670, ഫോൺ : 0485 2260832
ഈമെയിൽ: prsvkm@kau.in, വെബ് സൈറ്റ്: prsvkm.kau.in, kau.edu/prsvkm, prsvkm.tripod.com